# ആമുഖം

ശതാബ്ദി പിന്നിട്ട ശ്രീചിത്തിരവിലാസം ഗവ: എൽ. പി. എസ്സ് പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ എന്നും കൊല്ലം ജില്ലയിൽ മുന്നിലാണ്. മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത്, SMC, പൂർവ്വ വിദ്യാർത്ഥികൾ എന്നിവയുടെ നേതൃത്വത്തിൽ ധാരാളം വികസന പ്രവർത്തനങ്ങൾ ഈ വിദ്യാലയത്തിൽ നടന്നുവരുന്നു. വാർഡ് മെമ്പർ ശ്രീ. ബിജുകുമാർ, SMC ചെയർമാൻ ശ്രീ J P ജയലാൽ എന്നിവരുടെ അക്ഷീണപ്രവർത്തനത്തിന്റെ ഫലമായി ഭൗതിക സാഹചര്യങ്ങളിൽ ഈ വിദ്യാലയത്തിന് വളരെയധികം പുരോഗതി നേടാൻ സാധിച്ചു. ജ്യോതിശാസ്ത്ര വിസ്മയം ക്ലാസ്മുറിയിൽ സാധ്യമാക്കിയ സ്റ്റീഫൻ ഹോക്കിൻസ് സെമിപ്ലാനറ്റോറിയം ഈ വിദ്യാലയത്തിന് സ്വന്തമാണ്. കേരളത്തിലെതന്നെ ആദ്യത്തെ സെമിപ്ലാനറ്റോറിയമുള്ള ആദ്യ പ്രൈമറി വിദ്യാലയമാണിത്.

| ക്ലാസ്സ് | കുട്ടികളുടെ എണ്ണം |
|---|---|
| ഒന്ന് | 34 |
| രണ്ട് | 41 |
| മൂന്ന് | 48 |
| നാല് | 53 |

## പൊതു ലക്ഷ്യങ്ങൾ

• സ്കൂളിൽ പഠിക്കുന്ന മുഴുവൻ കുട്ടികളിലും നാലാം ക്ലാസ്സ് കഴിയുമ്പോഴേക്കും ഭാഷ, ഗണിതം അടിസ്ഥാന ശേഷികൾ ഉറപ്പുവരുത്തുക.

• കുട്ടിയെ ഒരു യൂണിറ്റായി പരിഗണിച്ചുകൊണ്ട് അഭിരുചികൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.

• ഡിജിറ്റൽ ലൈബ്രറി, സ്കൂൾ ലൈബ്രറി, ക്ലാസ്സ് ലൈബ്രറി എന്നിവ പ്രയോജനപ്പെടുത്തി മുഴുവൻ കുട്ടികളിലും വായന ഒരു സംസ്കാരമാക്കി മാറ്റുക.

• ശാസ്ത്രലാബ്, കമ്പ്യൂട്ടർ ലാബ് തുടങ്ങിയവ ആധുനിക വൽക്കരിക്കുക.

• എല്ലാ മാസവും ക്ലാസ്സ് പി.ടി.എ. കൾ ചേർന്ന് കുട്ടികൾക്ക് ആവശ്യമായ പിന്തുണകൾ ചർച്ച ചെയ്യുക.

• 'വിദ്യാലയം ഒരു പാഠപുസ്തകം' എന്ന ആശയം മുൻനിർത്തി അറിവു നിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരത്തെ മാറ്റുക.

• മാലിന്യമുക്ത വിദ്യാലയം, ഹരിത വിദ്യാലയം എന്നിവ ഉറപ്പാക്കുക.

• അടുക്കളത്തോട്ടം, ഔഷധോദ്യാനം, ശലഭ പാർക്ക് ഇവ നിർമിക്കൽ.

• വിദ്യാലയം ഹൈടെക്കാക്കി മാറ്റുക.

• കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ ജാഗ്രത സമിതിയുടെ നേതൃത്വത്തിൽ നടത്തുന്ന

# അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര്: ജി. എസ്. സി. വി എൽ.പി.എസ്
മൈനാഗപ്പള്ളി

സ്കൂൾ കോഡ് :

വിദ്യാഭ്യാസജില്ല : കൊല്ലം

വിദ്യാഭ്യാസ ഉപജില്ല : ചവറ

ബി. ആർ. സി : ചവറ

സി. ആർ. സി : മൈനാഗപ്പള്ളി

ഇ. മെയിൽ : gscvlpsmnpy@gmail.com

ഹെഡ്മിസ്ട്രസ്സ് : ശ്രീമതി അന്നമ്മ ജോസഫ്

ക്ലാസ്സ് : Preprimary - Std 4

# അക്കാദമിക നേട്ടങ്ങൾ

- 6 വർഷം തുടർച്ചയായി ചവറ ഉപജില്ലയിൽ മികച്ച എൽ.എസ്.എസ് വിജയം.
- 2024-25 അധ്യയന വർഷത്തിൽ ചവറ ഉപജില്ലയിൽ ഏറ്റവും കൂടുതൽ എൽ. എസ്. എസ്. നേടിയ വിദ്യാലയം.
- ശാസ്ത്ര - ഗണിത ശാസ്ത്ര - സാമൂഹ്യശാസ്ത്ര പ്രവൃത്തി പരിചയ മേളകളിൽ ചവറ ഉപജില്ലയിൽ മുൻ നിരയിൽ.
- ചിത്രരചന, വിവിധ ക്വിസ് മത്സരങ്ങൾ എന്നിവയിൽ ഉപജില്ലയിൽ മുന്നിൽ.
- രചനോത്സവത്തിന്റെ ഭാഗമായി 1, 2 ക്ലാസ്സുകളിലെ കുട്ടികളുടെ മികച്ച സൃഷ്ടികൾ
- സ്കൂൾ പത്രം.
- ചിട്ടയായ അസംബ്ലി.
- നാലാം ക്ലാസ്സ് കഴിഞ്ഞു പോകുന്ന മുഴുവൻ കുട്ടികളും ഭാഷ - ഗണിത - അടിസ്ഥാന ശേഷികൾ നേടുന്നു.
- പഠനോത്സവത്തിലെ മികച്ച പ്രകടനങ്ങൾ
- കലാ - കായിക മേളകളിലെ മികച്ച വിജയം.
- കുട്ടിയെ ഒരു വ്യക്തിയായി പരിഗണിച്ചുകൊണ്ടുള്ള പ്രവർത്തനം.

# ഭൗതിക നേട്ടങ്ങൾ

- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ മികച്ച ഭൗതിക സാഹചര്യങ്ങൾ. വാർഡ് മെമ്പർ ശ്രീ. ബിജു കുമാർ, SMC ചെയർമാൻ ശ്രീ. കെ. പി. ജയലാൽ എന്നിവർ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിൽ നിരന്തരം ശ്രമിക്കുന്നു.
- ശിശു സൗഹൃദ പ്രീപ്രൈമറി ക്ലാസ്സ്മുറികൾ
- Preprimary - III വരെ വളരെ മെച്ചപ്പെട്ട ഇരിപ്പിടങ്ങൾ
- ആകാശ വിസ്മയങ്ങൾ അടുത്തറിയാൻ സ്റ്റീഫൻ ഹോക്കിംഗ്സ് സെമി പ്ലാനറ്റേറിയം
- ഹരിത വിദ്യാലയ പുരസ്കാരം
- മാലിന്യ സംസ്കരണത്തിനായി ഉറക്കുഴി.
- ഗാന്ധി സ്മാരക കവാടം
- വായന ആസ്വാദ്യകരമാക്കാൻ ഡിജിറ്റൽ ലൈബ്രറി.
- അടുത്ത അധ്യയന വർഷം എ.സി. ക്ലാസ്സ്മുറി (Smart class room)

# ടാലന്റ് ലാബ്

ഓരോ കുട്ടിയുടെയും അഭിരുചി തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കുന്നതിനു ഒരു ടാലന്റ് ലാബ് പ്രവർത്തനങ്ങൾ ഈ വിദ്യാലയത്തിൽ നടക്കുന്നു.

## കരാട്ടെ പരിശീലനം

5 വർഷമായി ഇവിടെ കരാട്ടെ പരിശീലനം നടക്കുന്നു. പ്രീപ്രൈമറി മുതലുള്ള തിരഞ്ഞെടുത്ത കുട്ടികൾ പങ്കെടുക്കുകയും ടെസ്റ്റുകൾ വിജയിക്കുകയും ചെയ്യുന്നു. Black Belt നേടിയ കുട്ടികൾ വിദ്യാലയത്തിലുണ്ട്. സ്കൂൾ വാർഷികത്തിൽ കുട്ടികളുടെ കരാട്ടെ പ്രകടനങ്ങൾ ശ്രദ്ധേയമാണ്.

## സംഗീത ക്ലാസ്സ്

സംഗീത ക്ലാസ്സുകളിൽ കുട്ടികൾ പങ്കെടുക്കുകയും കലാമേളകളിൽ ഒന്നാം സ്ഥാനം നേടുകയും ചെയ്യുന്നു. ഇവിടുത്തെ അധ്യാപികയായ ശ്രീമതി പ്രിയ. പി. കുമാറാണ് സംഗീതം പരിശീലിപ്പിക്കുന്നത്.

# ലക്ഷ്യങ്ങൾ

## ഭാഷാവികസനം

- എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
- കുട്ടികളിലെ ആശയവിനിമയശേഷി വളർത്തുക
- സാഹിത്യ അഭിരുചി വളർത്തുക.
- സർഗ്ഗാത്മക രചനകൾക്കുള്ള അവസരം സൃഷ്ടിക്കുക.
- ഡിജിറ്റൽ ലൈബ്രറിയുടെ സഹായത്താൽ ഇ-വായന, വീഡിയോ കോൺഫറൻസ് എന്നിവക്ക് അവസരം ഒരുക്കുക.
- ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ പ്രയോജനപ്പെടുത്തുക.
- മികച്ച വായനശീലം വളർത്തുക.

# ഭാഷ

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
| --- | --- | --- | --- | --- |
| • സ്വതന്ത്രവായന, സ്വതന്ത്ര രചന എന്നിവയ്ക്കുള്ള വിവിധ പ്രവർത്തനങ്ങൾ. | • നാലാം ക്ലാസുകഴിഞ്ഞ് പോകുന്ന മുഴുവൻ കുട്ടികളേയും എഴുതാനും വായിക്കാനും പ്രാപ്തരാക്കുക. | ജൂൺ - മാർച്ച് | ക്ലാസ് അധ്യാപിക<br>SRG | |
| • സർഗാത്മക ഡയറി, ന | | ജൂലൈ - മാർച്ച് | ഭാഷ ക്ലബ് | |
| • സംഭാഷണം | • സ്വതന്ത്രരചനയിലേർപ്പെടാനും വിവിധ വ്യവഹാരരൂപങ്ങൾ തയ്യാറാക്കുന്നതിനും പ്രാപ്തരാക്കുക. | | | |
| • കഥ, കവിത എന്നിവ ഉൾപ്പെടുത്തി പതിപ്പു നിർമ്മാണം. | | ഓഗസ്റ്റ് - സെപ്തംബർ | SRG | |
| • റോൾപ്ലേ | • കുട്ടികൾക്ക് സാഹിത്യത്തോടും കലയോടുമുള്ള അഭിമുഖ്യം വളർത്തുക. | ഒക്ടോബർ | ക്ലാസ് അധ്യാപിക | |
| • രചനാപരിചയക്കുറിപ്പുകൾ. | | നവംബർ-ഡിസംബർ | ഭാഷ ക്ലബ് | |
| • ക്ലാസ് ലൈബ്രറി പ്രയോജനപ്പെടുത്തൽ | | ജൂൺ - മാർച്ച് | ക്ലാസ് അധ്യാപിക | |
| • സാഹിത്യകാരന്മാരെ പരിചയപ്പെടൽ (ഫോട്ടോഗ്യാലറി) | | ജൂൺ | SRG | |
| • സാഹിത്യ ക്വിസ് | | ജൂലൈ | ഭാഷ ക്ലബ് | |
| • പരിഹാരബോധനപ്രവർത്തനങ്ങൾ | | ഓഗസ്റ്റ് - മാർച്ച് | SRG | |
| • പിറന്നാൾ പുസ്തകം | ക്ലാസ് ലൈബ്രറി നവീകരണം<br>വായനയിൽ താല്പര്യം ജനിപ്പിക്കൽ | വർഷം മുഴുവൻ | SMC/SRG | |

| | | | | |
|---|---|---|---|---|
| • നാടകീകരണം | വ്യത്യസ്ത വ്യവഹാരരൂപങ്ങളിൽ ഏർപ്പെടുന്നു. സർഗാത്മക രചനകളിൽ ഏർപ്പെടുന്നു. | ജനുവരി | SRG | |
| • റീഡേഴ്സ് തിയേറ്റർ<br>• കാവ്യകേളി<br>• സ്കൂൾ പത്രം<br>• കവിതാശിൽപശാല | ശബ്ദവ്യതിയാനത്തോടെ വായിക്കുന്നു. സംഗീതാദിരുചി വളർത്തുന്നു. അർത്ഥമറിഞ്ഞുകൊണ്ട് കവിത ചൊല്ലുന്നു. പൊതുവായനയിൽ താല്പര്യം വളർത്തുക. ഭാഷാനൈപുണികൾ മെച്ചപ്പെടുത്തുക | ഫെബ്രുവരി<br>മാർച്ച് | ഭാഷാക്ലബ്ബ്<br>SRG | |
| • വായനാകാർഡ് നിർമ്മാണ ശിൽപശാല (രക്ഷിതാക്കൾക്ക്) | • പരിഹാരപ്രവർത്തനങ്ങൾക്കാവശ്യമായ വായനാകാർഡുകൾ സജ്ജീകരിക്കുക. | ജൂലൈ-മാർച്ച് | ക്ലാസ്സ് അധ്യാപിക | |
| • സ്കൂൾമാസികതയ്യാറാക്കൽ | കുട്ടികളുടെ സർഗാത്മക ശേഷികൾ വളർത്തൽ | ഫെബ്രുവരി-മാർച്ച് | ഭാഷാക്ലബ്ബ് SRG | |
| • സ്കൂൾ വിസിറ്റിംഗ് ലൈബ്രറി പ്രയോജനപ്പെടുത്തൽ | വായന, സാഹിത്യകാരൻമാരുമായുള്ള അഭിമുഖം | ജൂലൈ | ക്ലാസ്സ് അധ്യാപിക | |

## പരിസരപഠനം

- ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്ര ബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
- പ്രക്രിയാ ശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക.
- ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| ചാന്ദ്രദിന ഡോക്യുമെന്ററി | സ്റ്റീഫൻ ഹോക്കിംഗ്സ് സെമി പ്ലാനറ്റേറിയം പ്രയോജനപ്പെടുത്തി ആകാശ വിസ്മയങ്ങളെ അടുത്തറിയൽ | ജൂലൈ | ശാസ്ത്രക്ലബ്ബ് | |
| പ്രാദേശിക അറിവ്/നാട്ടറിവ് | നമ്മുടെ നാടിന്റെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തൽ | ആഗസ്റ്റ്/ സെപ്തംബർ | | |
| വിവിധ മേഖലകളിൽ കഴിവു തെളിയിച്ച പ്രാദേശിക വ്യക്തികളുമായി അഭിമുഖം നടത്തൽ. | വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച ആളുകളെ പരിചയപ്പെടൽ | | | |
| വിവിധ കലാരൂപങ്ങൾ പരിചയപ്പെടൽ ആൽബം/പതിപ്പ് തയ്യാറാക്കൽ | പ്രാദേശിക കലാകാരന്മാർ/ കലകളെ പരിചയപ്പെടുത്തൽ, ശില്പശാല.. | ഒക്ടോബർ മാർച്ച് | SRG SMC | 2000/- |

# ഗണിതം

- അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക
- ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക
- അടിസ്ഥാന ഗണിതശേഷികൾ നേടി എന്ന് ഉറപ്പാക്കുക.
- ആധുനിക സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
- ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

# ഗണിതം

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
| --- | --- | --- | --- | --- |
| • ഗണിത ക്ലബ് രൂപീകരണം | • ഗണിതത്തോടുള്ള ആഭിമുഖ്യം വളർത്തൽ | ജൂൺ- മാർച്ച് | SRG, ഗണിതാധ്യാപകർ | |
| • ഗണിതപ്പെട്ടി നിർമ്മാണം | ഗണിതാശയങ്ങൾ ഉറപ്പിക്കാൻ | ജൂൺ- മാർച്ച് | | |
| • തോരണം, തൊപ്പി നിർമ്മാണം, വെജിറ്റബിൾ പ്രിന്റിംഗ് | ചതുരം, ത്രികോണം, വട്ടം എന്നീ രൂപങ്ങൾ ചേർത്ത് വച്ച് ഇഷ്ടമുള്ള രൂപങ്ങൾ കുട്ടികൾ നിർമ്മിക്കുന്നു. | ജൂൺ | | |
| • കളിനോട്ടുകൾ കമ്പുകെട്ടുകൾ സംഖ്യാസ്ലിപ്പുകൾ തുടങ്ങിയവ ഉപയോഗിച്ചുള്ള കളികൾ | സംഖ്യാബോധം | ജൂലൈ-മാർച്ച് | | |
| • ഗണിത കിറ്റ് നിർമ്മാണം | | ജൂൺ | | |

| | | | | |
|---|---|---|---|---|
| • ഗണിത ശിൽപശാല | ഗണിതരൂപങ്ങൾ പരിചയപ്പെടൽ പഠനോപകരണ നിർമ്മാണം | ജൂൺ | SRG | |
| • ഗണിതവിജയം, ഉല്ലാസഗണിതം | ഗണിതാഭിമുഖ്യം വളർത്തൽ | ജൂൺ - മാർച്ച് | ഗണിത ക്ലബ്ബ് | |
| • ഗണിത ക്വിസ്, പസ്സിൽ | ഗണിതവിജ്ഞാനം | ജൂൺ - മാർച്ച് | | |
| • അളവ് ഉപകരണങ്ങളുടെ പ്രദർശനം | അളവുപകരണങ്ങൾ പരിചയപ്പെടൽ | | | |